(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഗവൺമെന്റ് വക ഭൂമി അളന്ന് വേർതിരിച്ച് കല്ലിടുന്നതുവരെ അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുമോ ;

(ഡി) ഈ അനധികൃത കയ്യേറ്റം നടക്കുന്നതിന് ഒരാട്ടു സമീപത്തുള്ള നാഷണൽ ഹൈവേ പുനലൂർ സെക്ഷനിലെ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതിരുന്നതിനെപ്പറ്റി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) 1-1-1999-ൽ ഭൂമി ഏറ്റെടുത്തു. 3-9-1999 ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. അപ്രോച്ച് റോഡിന്റെ പണി ഉപേക്ഷിച്ചുമുറപ്രതിഷ്ഠായി കിടന്ന ഭൂമി വ്യക്തികൾ കൈയ്യേറി കെട്ടിട നിർമ്മാണം നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം അതിർത്തി അളന്ന് വേർതിരിച്ച് കല്ലിട്ടിട്ടില്ലാത്തതിനാൽ അതിർത്തി വേർതിരിച്ച് കല്ല് ഇടുന്നതിന് നടപടി സ്വീകരിക്കണമെന്ന് പത്തനാപുരം തഹസീൽദാരോട് ആവശ്യപ്പെടുകയും തുടർന്ന് പുനലൂർ എൻ.എച്ച്. സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ കൊല്ലം ജില്ലാ കളക്ടർക്ക് പരാതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ അനധികൃത കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ട ഉടനെ പുനലൂർ എൻ.എച്ച്. സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കാൻ രേഖാമൂലം ആവശ്യപ്പെടുകയും നിർമ്മാണ പ്രവർത്തനം നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി നെടുമ്പാശ്ശേരി റോഡ് നിർമ്മാണം

81(513) പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂരിൽ നിന്ന് കൊച്ചി-നെടുമ്പാശ്ശേരിയിലേക്കുള്ള റോഡ് നിർമ്മാണം സംബന്ധിച്ചുള്ള ഇപ്പോഴത്തെ നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മാഞ്ഞാലി പാലം പണി പൂർത്തിയാകുന്നതോടെ പ്രസ്തുത റോഡ് നിർമ്മാണത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന പാലങ്ങൾ

82 (515) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ എത്ര പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് ; ഇവ ഓരോന്നിന്റെയും എസ്റ്റിമേറ്റ് സംഖ്യ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly